# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :2214 26.03.2013 -ൽ മറുപടിക്ക്

**കലവറകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി. തിലോത്തമൻ | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ നിർമ്മാണ സാമഗ്രികൾ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുന്ന 'കലവറകൾ' എത്ര എണ്ണം നിലവിലുണ്ടെന്ന് പറയാമോ; | (എ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ ഇപ്പോൾ 9 കലവറയുടെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. |
| (ബി)ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര കലവറകൾ ആരംഭിച്ചു എന്നും എവിടെയെല്ലാമാണെന്നും പറയാമോ; | (ബി) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ കല്ലുവാതുക്കൽ, കാരോട്, അടൂർ, പാല, പാലക്കാട്, ചിറ്റൂർ, എന്നീ റീജിയണൽ കേന്ദ്രങ്ങളിലായി 6 കലവറകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആരംഭിച്ചു. കൂടാതെ മുട്ടം, ചെട്ടികുളങ്ങര, മാനന്തവാടി എന്നീ 3 കലവറകളുടെ നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു. ഇവ അടുത്തു തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (സി)നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കലവറകൾ എവിടെയെല്ലാമാണെന്ന് പറയാമോ; | (സി) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ വട്ടിയൂർക്കാവ്, കാരോട്, കല്ലുവാതുക്കൽ, അടൂർ, പാല, എറണാകുളം, പാലക്കാട്, ചിറ്റൂർ, കോഴിക്കോട് എന്നീ സ്ഥലങ്ങളിലാണ് കലവറകൾ പ്രവർത്തിക്കുന്നത്. ഇതു കൂടാതെ തൃശ്ശൂർ, മലപ്പുറം, കൊല്ലം, ആലപ്പുഴ, കാസർഗോഡ്, കോട്ടയം, |

പാലക്കാട് എന്നീ ജില്ലകളിൽ ജില്ലാ നിർമ്മിതി കേന്ദ്രങ്ങളുടെ കീഴിൽ കലവറകൾ പ്രവർത്തിക്കുന്നുണ്ട്.

(ഡി)കലവറകളിലൂടെ കഴിഞ്ഞ വർഷം ഏതെല്ലാം നിർമ്മാണ സാമഗ്രികൾ വില്പന നടത്തിയെന്നും ഇതിലൂടെ എത്ര വരുമാനം നേടിയെന്നും വിശദമാക്കാമോ;

(ഡി) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിലുള്ള കലവറകളിലൂടെ പ്രധാനമായും സിമന്റ്, കമ്പി, എന്നിവയുടെ സൗജന്യനിരക്കിലുള്ള വില്പനയാണ് നടക്കുന്നത്. സർക്കാരിന്റെ subsidized റേറ്റിൽ സാധനം നൽകുന്നതിനാൽ ഇവയിൽ വരുമാനം ഉണ്ടാവില്ല. ഇതു കൂടാതെ കഴിഞ്ഞ വർഷത്തിൽ കോഴിക്കോട് കലവറ വഴി പോലീസ്, റവന്യൂ അധികൃതർ പിടിച്ചെടുക്കുന്ന മണൽ വില്പന നടത്തിയ വകയിൽ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് 3,44,264/- രൂപ വരുമാനമായി ലഭിച്ചിട്ടുണ്ട്.

(ഇ) മുൻ സർക്കാരിന്റെ കാലത്ത് ചേർത്തല മണ്ഡലത്തിൽ അനുവദിച്ച് കലവറയുടെ ബ്രാഞ്ച് ഇനിയും ആരംഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കലവറ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ഇ) ശ്രദ്ധയിൽപ്പട്ടിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് പരിഗണിച്ചുവെങ്കിലും മുൻസിപ്പൽ കോർപ്പറേഷനിൽ നിന്നും സ്ഥലം ലഭ്യമാക്കുന്നതിനുള്ള തടസ്സം വന്നതിനാലാണ് കലവറയുടെ ബ്രാഞ്ച് ആരംഭിക്കാതിരുന്നത്. സ്ഥലം ലഭിക്കുന്ന പക്ഷം പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ